സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ക്ഷേത്രങ്ങളിൽ അഡ്വാൻസ് വഴിപാടുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: **ROC 7793/23/Vig** നന്തൻകോട്, **24/11/2023**

---

പരാമർശം :- 1) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ന്റെ 06/2023 ലെ CT 224/23/TDB/Vig നമ്പർ റിപ്പോർട്ട്.

2) ദേവസ്വം കമ്മീഷണറുടെ 25-09-2023 ലെ ROC 17227/23/Vig നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുളള ദേവസ്വങ്ങളിൽ വിജിലൻസ് വിഭാഗം പരിശോധനയ്ക്കായി പോകുന്ന അവസരത്തിൽ ദേവസ്വങ്ങളില മുൻകൂട്ടി വഴിപാടിനായി ബുക്ക് ചെയ്യുന്ന ഭക്തരുടെ വഴിപാട് വിവരം ഒരു ഡയറിയിലോ നോട്ട്ബുക്കിലോ രേഖപ്പെടുത്തി വരുന്നതായി കാണപ്പെടുന്നുവെന്നും ആയത് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച രജിസ്റ്റർ അല്ലാത്തതിനാൽ ഇതിൽ തിരിമറി നടത്തുവാൻ എളുപ്പമാണെന്നും ആയതിനാൽ അഡ്വാൻസ് രജിസ്റ്റർ പ്രിന്റ് ചെയ്ത് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ് മുഖാന്തിരം ദേവസ്വങ്ങളിലേക്ക് നൽകുന്നതിന് അഡ്വാൻസ് രജിസ്റ്റർ മാതൃക സഹിതമുളള റിപ്പോർട്ട് ലഭിച്ചു (പരാമർശം - 1).

ആയതിന്മേൽ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കിയതിൽ, മേൽ വിവരിച്ച പ്രകാരം വ്യക്തമായ ഫോർമാറ്റിൽ രജിസ്റ്റർ പ്രിന്റ് ചെയ്ത് ടി രജിസ്റ്ററുകളിൽ വഴിപാട് വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖപ്പെടുത്തേണ്ടതാണെന്നും ആയത് മേലുദ്യോഗസ്ഥർ പരിശോധിക്കേണ്ട താണെന്നും വിവരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് അറിയിച്ചിട്ടുളളതാണ് (പരാമർശം -2).

പ്രസ്തുത റിപ്പോർട്ടുകൾ ബോർഡ് വിശദമായി പരിശോധിച്ചു.

(മറുപുറം)

ആയതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഭക്തർ അഡ്വാൻസായി വഴിപാട് ബുക്ക് ചെയ്യുന്ന വേളയിൽ ആയത് രേഖപ്പെടുത്തുന്നതിനായി അഡ്വാൻസ് വഴിപാട് രജിസ്റ്റർ പ്രിന്റ് ചെയ്ത് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസുകളിൽ നൽകുന്നതിന് കൾച്ചറൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

അഡ്വാൻസ് രജിസ്റ്റർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ് മുഖാന്തിരം പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ച് ദേവസ്വങ്ങളിൽ നൽകുന്നതിനും ആയത് ക,ത്യമായി പരിപാലിക്കുന്നുണ്ടോ എന്നത് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെയും വിജിലൻസ് ഉൾപ്പെടെയുള്ള മറ്റ് പരിശോധനാ ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ഡയറക്ടർ, സാംസ്ക്കാരിക-പുരാവസ്തു വിഭാഗം (അഡ്വാൻസ് രജിസ്റ്റർ മാതൃക സഹിതം)
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5. ഐ.റ്റി. ഡിവിഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK